(ഡി) പുതിയ കയ്യേറ്റങ്ങൾ അപ്പപ്പോൾതന്നെ ഒഴിപ്പിക്കാറുണ്ട്. 1-1-1977-നു ശേഷമെന്നു കണ്ടെത്തിയിട്ടുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനും ചീഫ് സെക്രട്ടറി ചെയർമാനായും, വനം, റവന്യൂ, അഭ്യന്തരം, നിയമം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരും പോലീസ് ഡയറക്ടർ ജനറൽ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), ഡയറക്ടർ സർവേ ആന്റ് ലാന്റ് റിക്കാർഡ്സ് എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി സംസ്ഥാനത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നുണ്ട്. കൂടാതെ അതാത് സർക്കിൾ കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട്, സർവേ സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റാഫീസർമാർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റികൾ കയ്യേറ്റഭൂമി ഘട്ടംഘട്ടമായി വീണ്ടെടുക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുകയും തുടർ നടപടികൾ കൈക്കൊണ്ടുവരികയും ചെയ്യുന്നു.

(ഇ) സംസ്ഥാനത്തൊട്ടാകെ എല്ലാ വനമേഖലകളിലും കയ്യേറ്റക്കാർ ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ട്. കയ്യേറ്റഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു:

വനമേഖല	*കയ്യേറ്റഭൂമിയുടെ വിസ്തൃതി (ഹെക്ടറിൽ)*
കൊല്ലം	2727.3242
കോട്ടയം	28105.4006
തൃശ്ശൂർ	5262.6594
പാലക്കാട്	5873.4055
കണ്ണൂർ	1814.8472
വൈൽഡ്‌ലൈഫ്	1512.7676
മൊത്തം	45296.402

(എഫ്) വനം കയ്യേറ്റത്തിന് കൂട്ടുനിന്നതായി തെളിഞ്ഞിട്ടുള്ള കേസ്സുകളിൽ ഉദ്യോഗസ്ഥർക്കെതിരെ കേസ്സിന്റെ ഗൗരവം അനുസരിച്ച് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുട്ടനാട്ടിലെ കൽകെട്ട് പദ്ധതി

*6 [210] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ കാർഷികമേഖലയ്ക്കുവേണ്ടി പ്രഖ്യാപിച്ച പാടശേഖരങ്ങൾക്കുവേണ്ടിയുള്ള 'കൽകെട്ട്' പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇല്ലെങ്കിൽ ഈ വർഷംതന്നെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ ആന്റ് ബി) കുട്ടനാടിന്റെ സമഗ്രവികസനത്തിനായി ഏകദേശം 200 കോടി രൂപ അടങ്കൽ തുക വരുന്ന ഒരു പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നബാർഡിന്റെ കൺസൾട്ടൻസി വിഭാഗമായ നാബ് കോണുമായി സർക്കാർ ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ബണ്ടുകളുടെ സംരക്ഷണത്തിനായി കൽകെട്ട് ഉൾപ്പെടെയുള്ള വിവിധ ഇനം പ്രവൃത്തികൾ ഒരു സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രോജക്ട് റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞ് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില

*7 [211] ശ്രീ. ജോർജ് ജെ. മാത്യു:
,, പി. ടി. തോമസ്:
,, വി. ഡി. സതീശൻ:
,, അടൂർ പ്രകാശ്:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുരുമുളക്, കാപ്പി, അടയ്ക്ക എന്നിവയുടെ വില നിലവാരം ഇപ്പോൾ എത്ര വീതമാണ്;

(ബി) ഇവയുടെ വില കുറയുവാനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) സീസൺ കാലത്ത് കാർഷികോൽപ്പന്നങ്ങളുടെ വിലയിടിയുന്നതുമൂലം കർഷകർക്ക് വലിയ നഷ്ടം നേരിടുന്നുണ്ടോ;

(ഡി) എങ്കിൽ കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കാനുദ്ദേശിക്കുന്നുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്ത് കുരുമുളക്, കാപ്പി, അടയ്ക്ക എന്നിവയുടെ 2004 ജൂൺ മാസത്തെ ശരാശരി വിലനിലവാരം താഴെപ്പറയും പ്രകാരമാണ്:

		രൂപ (ക്വിന്റൽ)
(1) കുരുമുളക്	..	6,735
(2) കാപ്പി	..	3,075
(3) അടയ്ക്ക (ഉണക്ക)	..	4,964

LIBRARY ARCHIVES Kerala Legislative Assembly